പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **1171** 12/06/2014 ൽ മറുപടിയ്ക്ക്

## കടകംപള്ളി ഭൂമി തട്ടിപ്പിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. അടൂർ പ്രകാശ്. (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കടകംപള്ളി ഭൂമി തട്ടിപ്പുകേസ്സിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) 2006 ലെ പത്രവാർത്തയെ തുടർന്ന് തിരുവനന്തപുരം ജില്ലാ പരിശോധന വിഭാഗം സീനിയർ സൂപ്രണ്ടും 08/05/2013 ൽ വന്ന പത്ര വാർത്തയുടേയും, പരാതികളുടെയും അടിസ്ഥാനത്തിൽ ദക്ഷിണ മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറും പ്രസ്തുത ഭൂമി തട്ടിപ്പു സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നു. അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് ഇക്കാര്യം പരിശോധിച്ച് വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തു കൊണ്ട് 2013 ഏപ്രിൽ മാസം ഫയൽ വിജിലൻസ് വകുപ്പിന് കൈമാറുകയും തുടർന്ന് വിജിലൻസ് വകുപ്പ് വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോ മുഖാന്തിരം അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിരുന്നു. ശ്രീ. പ്രേംചന്ദ് ആർ നായർ മുതൽ പേർ ഫയൽ ചെയ്ത 19462/2013 നമ്പർ റിട്ട് പെറ്റീഷനിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം റവന്യൂ വകുപ്പ് സെക്രട്ടറിയും പ്രസ്തുത തട്ടിപ്പു സംബന്ധിച്ച് അന്വേഷണം നടത്തുകയും ബഹു. ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. |

| | |
|---|---|
| (ബി) ഈ കേസിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) കടകംപള്ളി വില്ലേജിലെ. വിവാദമായ സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമിയുടെ പോക്കുവരവ് നടപടികളുമായി ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ഡെപ്യൂട്ടി തഹസീൽദാർ ശ്രീ. വിദ്യോദയകുമാർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ ശ്രീ. അബ്ദുൾ ഗഫാർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ ശ്രീ. എസ്.ഷാജി, വില്ലേജ്മാൻ ശ്രീ. കെ.അജികുമാർ എന്നിവരെ പ്രാഥമിക അന്വേഷണാനന്തരം ജില്ലാ കളക്ടർ സസ്പെന്റ് ചെയ്യുകയും തുടർന്ന് കെ.സി.എസ് ആന്റ് സി.സി.എ. റൂൾ പ്രകാരം കഠിന ശിക്ഷ വ്യവസ്ഥ ചെയ്തു കുറ്റപത്രം നൽകുകയും അച്ചടക്ക നടപടികൾ സ്വീകരിക്കുകയും, വേതന വർദ്ധനവുകൾ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ദക്ഷിണ മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറും, റവന്യൂ സെക്രട്ടറിയും നടത്തിയ അന്വേഷണങ്ങളിൽ അനധികൃതമായി പോക്കുവരവ് ചെയ്ത് നൽകുക വഴി കുറ്റക്കാരനെന്ന് കണ്ടെത്തിയ മുൻ കടകംപള്ളി വില്ലേജാഫീസറായ ശ്രീ. ടി. എൻ. സുബ്രഹ്മണ്യൻ പിള്ളയെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും തുടർന്ന് കെ.സി.എസ് ആന്റ് സി.സി.എ. റൂൾ പ്രകാരം കഠിന ശിക്ഷ വ്യവസ്ഥകൾക്കുള്ള അച്ചടക്ക നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ